(ഡി) ഇടുക്കി ജില്ലയിൽ വിവിധ ഭാഗങ്ങളിലെ വ്യാജ പട്ടയങ്ങളുമായി ബന്ധപ്പെട്ട് വകുപ്പു തലത്തിലും വിജിലൻസ് വിഭാഗം മുഖേനയും അന്വേഷണം നടത്തിവരുന്നു. ദേവികുളം താലൂക്കിലെ പട്ടയവിതരണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 16 റവന്യൂ ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു. ഇതിൽ 6 പേർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി. 4 പേർക്കെതിരെയുള്ള അച്ചടക്ക നടപടി അവർ സർവ്വീസിൽനിന്നും പെൻഷൻ പറ്റിയതിനാൽ പെൻഷൻ തുകയിൽനിന്നും നിശ്ചിത തുകകൾ കുറവു ചെയ്യുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകുന്ന നടപടിയിൽ ഇരിക്കുന്നു. 3 പേർക്കെതിരെ വി.സി. 3/97/ഐ.ഡി.കെ. നമ്പരായി വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ അച്ചടക്കനടപടി തീർപ്പാക്കിയിട്ടില്ല. ബാക്കി 3 പേർക്കെതിരെ നടക്കുന്ന നടപടി ഹിയറിംഗ് കഴിഞ്ഞ് അന്തിമഘട്ടത്തിലാണ്.

കൂടാതെ സമീപകാലത്ത് ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിൽ വ്യാജ പട്ടയം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വി.സി. 10/03-ാം നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്യുകയും 12 റവന്യൂ ജീവനക്കാർക്കെതിരെ അന്വേഷണം നടത്തി വരികയുമാണ്.

പീരുമേട് താലൂക്കിലെ വ്യാജപട്ടയ വിതരണവുമായി ബന്ധപ്പെട്ട് 11 ജീവനക്കാർക്കെതിരായി വകുപ്പുതല അച്ചടക്ക നടപടി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ തുടർന്നുവരുന്നു.

തൊടുപുഴ താലൂക്കിൽ, ഇടുക്കി വില്ലേജിൽ വ്യാജപട്ടയം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന്, ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നതും ഇതിന്റെ ഭാഗമായി ഒരു വില്ലേജ്മാനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്.

(ഇ) വകുപ്പു തലത്തിലും വിജിലൻസ് വിഭാഗം വഴിയും അന്വേഷണങ്ങൾ ഇപ്പോൾതന്നെ നടന്നുവരുന്നുണ്ട്.

സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ

*28 [148] ശ്രീ. വി. കെ. സി. മമ്മത്കോയ:
„ സാജുപോൾ:
„ വി. കെ. ചന്ദ്രൻ:
„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ ജോലി തേടിപ്പോകുന്ന കേരളീയരായ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന് ഉദ്യോഗാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റു ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ കേരളത്തിൽ തന്നെ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സർട്ടിഫിക്കറ്റ് അറ്റസ്റ്റു ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ കേരളത്തിൽ തുടങ്ങുന്നതിന് തടസ്സങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിനെതിരെ സ്വകാര്യ ട്രാവൽ ഏജൻസികൾ നടത്തുന്ന പ്രവർത്തനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഉണ്ട്.

(ബി, സി) ഗൾഫിലെ ചില രാജ്യങ്ങൾ തൊഴിൽ നിയമങ്ങൾ കർശനമാക്കിയതോടുകൂടി ആ രാജ്യങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത മെട്രിക്കുലേഷൻ അഥവാ എസ്.എസ്.എൽ.സി. ആയി നിശ്ചയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ തൊഴിലന്വേഷകർക്ക് എസ്.എസ്.എൽ.സി. മുതലുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അധികൃതരെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഉദ്യോഗാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ന്യൂഡൽഹിയിലുള്ള മനുഷ്യ വിഭവശേഷി മന്ത്രാലയവും, വിദേശകാര്യ മന്ത്രാലയവും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഈ സാക്ഷ്യപ്പെടുത്തലുകൾക്കുവേണ്ടി ഡൽഹിയിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത്, കേന്ദ്ര മനുഷ്യ വിഭവശേഷി മന്ത്രാലയത്തിന്റേയും, വിദേശകാര്യ മന്ത്രാലയത്തിന്റെയും സെല്ലുകൾ ആരംഭിക്കുന്നതിന് മുഖ്യമന്ത്രിയും, നോർക്ക വകുപ്പ് മന്ത്രിയും നിവേദനങ്ങളിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ നോർക്ക പാർലമെന്ററികാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നീ മൂന്നംഗ മന്ത്രിതല സംഘം പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകുകയുമുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ഗൾഫ് രാജ്യങ്ങളിൽ ജോലിതേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുള്ള കേന്ദ്രം തിരുവനന്തപുരത്ത് ആരംഭിക്കുവാൻ കേന്ദ്ര സർക്കാർ സമ്മതമറിയിക്കുകയുണ്ടായി. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ 'റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്'-ന്റെ തിരുവനന്തപുരത്ത്, വഴുതക്കാടുള്ള ഓഫീസിൽ കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തിന്റെ കൗണ്ടർ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്ര മനുഷ്യ വിഭവശേഷി മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം എന്നിവയ്ക്കാണ് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരമുള്ളത്. കേന്ദ്ര സർക്കാർ ഈ ചുമതല സംസ്ഥാന സർക്കാരിനെ പൂർണ്ണമായി ഏൽപ്പിച്ചാൽ മാത്രമേ, സംസ്ഥാനത്ത് ആവശ്യമായ സെല്ലുകൾ ആരംഭിക്കുവാൻ കഴിയൂ. കേരള സർക്കാരിന്റെ അറ്റസ്റ്റേഷൻ, വിദേശ രാജ്യങ്ങൾ അംഗീകരിക്കേണ്ടതായിട്ടുമുണ്ട്.

(ഇ) ഇല്ല.

വാഹന അപകടങ്ങൾ കുറയ്ക്കാൻ മരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ

*29 [149] ശ്രീ. സി. മമ്മൂട്ടി:
„ കെ. എൻ. എ. ഖാദർ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly